പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1274.

12.03.2015 ൽ മറുപടിക്ക്

**പാചകവാതകനീക്കം തടസ്സപ്പെടുന്നത് പരിഹരിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി.ദിവാകരൻ:** | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| അടിക്കടി ഉണ്ടാകുന്ന സമരം മൂലം പാചകവാതക നീക്കം തടസ്സപ്പെടുന്നത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | പാചകവാതക നീക്കം തടസ്സപ്പെടുന്നതിനുള്ള പ്രധാനകാരണം എൽ.പി.ജി.യുടെ ട്രാൻസ്പോർട്ടേഷൻ തൊഴിലാളികളുടെ സമരം മൂലമാണ്. സമരങ്ങൾ മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഓയിൽ കമ്പനികളുടെ ശ്രമങ്ങൾ ഫലവത്താകാത്ത സാഹചര്യങ്ങളിൽ സർക്കാർ ഇടപെടുകയും സമരങ്ങൾ തീർപ്പാക്കുന്നതിനും ഗ്യാസ് സിലിണ്ടറുകളുടെ വിതരണം പുനരാരംഭിച്ച് പൊതുജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. എൽ.പി.ജി. യുടെ ട്രാൻസ്പോർട്ടേഷനും വിതരണവും എസ്.ആർ.ഒ.നം.752/2013 പ്രകാരം കേരള എസൻഷ്യൽ സർവ്വീസസ് മെയ്ന്റനൻസ് ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവശ്യഘട്ടത്തിൽ 'എസ്മ' പ്രയോഗിച്ച് എൽ.പി.ജി.യുടെ ട്രാൻസ്പോർട്ടേഷൻ, വിതരണം എന്നീ മേഖലകളിലെ പ്രവർത്തനം ക്രമീകരിച്ച് പാചകവാതക നീക്കം സമയബന്ധിതമായി നല്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എൽ.പി.ജി. ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനത്തിലുള്ള പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരം കാണുവാനും ആവശ്യാനുസൃതമായി സിലിണ്ടറുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനും നടപടികൾ സ്വീകരിക്കണമെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്ററോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ